DESPATCHED On..5/8/2021..

2/8/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1819(1)/2018/SICതീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 8401/SIC-G4/2018)**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി: 2021 ഓഗസ്റ്റ് 2

ശ്രീ. ജയചന്ദ്രൻ വി.,
ഇൻസ്പെക്ടർ ഓഫ് പോലീസ്,
കോസ്റ്റൽ പോലീസ് സ്റ്റേഷൻ,
വിഴിഞ്ഞം, തിരുവനന്തപുരം.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഗവൺമെന്റ് മെഡിക്കൽ കോളേജ്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
ഗവൺമെന്റ് മെഡിക്കൽ കോളേജ്,
തിരുവനന്തപുരം.

} എതിർകക്ഷികൾ

## ഉത്തരവ്

ബഹു. കേരള ഹൈക്കോടതി WP(C)25639/2020(D) നമ്പർ കേസ്സിൽ 22.2.2021-ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ AP.1819(1)/2018/SIC നമ്പർ അപ്പീൽ ഹർജിയിന്മേൽ 06.03.2020-ന് കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ ഉത്തരവ് (Ext.P.19) റദ്ദാക്കി കൊണ്ടും അപ്പീൽ ഹർജിക്കാരനായ ശ്രീ. ജയചന്ദ്രൻ വി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച 25.06.2019-ലെ അപേക്ഷ (Ext.P.16) പുന:പ്പരിശോധിച്ച്, അപ്പീൽ ഹർജിക്കാരനേയും ബന്ധപ്പെട്ട എതിർകക്ഷികളെയും നേരിൽ കേട്ട് വിധിന്യായം കൈപ്പറ്റി രണ്ട് മാസത്തിനകം തീർപ്പാക്കി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു.

2. ബഹു. കോടതിയുടെ മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിക്കാരനേയും എതിർകക്ഷികളേയും 15.5.2021–ന് നേരിൽ കേൾക്കുന്നതിന് 21.4.2021–ന് കമ്മീഷൻ ടിയാളുകൾക്ക് നോട്ടീസ് അയയ്ക്കുകയുണ്ടായി. എന്നാൽ തുടർന്നുള്ള ദിവസങ്ങളിൽ കോവിഡ്–19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ലോക്ഡൗൺ പ്രഖ്യാപിച്ചതിനാൽ ടി ഹിയറിംഗ് മാറ്റി വയ്ക്കേണ്ടതായി വരികയും ബഹു. കോടതി വിധി നടപ്പിലാക്കുന്നതിന് 2 മാസത്തെ സമയം കൂടി അനുവദിക്കുന്നതിനായി 04.06.2021 തീയതി എക്സ്റ്റൻഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുമുണ്ട്. തുടർന്ന് 30.7.2021 തീയതി നിശ്ചയിച്ച് അപ്പീൽ ഹർജിക്കാരനും എതിർകക്ഷികൾക്കും 27.7.2021–ന് ഹിയറിംഗ് നോട്ടീസ് അയച്ചിട്ടുള്ളതും 30.7.2021–ന് അപ്പീൽ ഹർജിക്കാരനും/അഡ്വക്കേറ്റും എതിർകക്ഷികളും ചീഫ് ഇൻഫർമേഷൻ കമ്മീഷണർ മുമ്പാകെ നേരിട്ട് ഹാജരായി വസ്തുതകൾ ബോധിപ്പിച്ചിട്ടുള്ളതുമാണ്.

3. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട രേഖകളും നേരിൽ കേട്ട വേളയിൽ ഹർജിക്കാരനും/അഡ്വക്കേറ്റും എതിർകക്ഷികളും ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഹർജിക്കാരൻ 10.5.2018–ൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ സമർപ്പിച്ച അപേക്ഷയിലെ 1, 2, 3 ഇനങ്ങളിൽ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും അനുബന്ധ രജിസ്റ്ററുകളുടെ പകർപ്പുകളും അനുവദിക്കണമെന്നും ബഹു.കമ്മീഷൻ നിർദ്ദേശത്തെ തുടർന്ന് വീണ്ടും തെറ്റായതും, അപൂർണ്ണവും തെറ്റിദ്ധരിപ്പിക്കുന്നതുമായ വിവരം നൽകിയ അപ്പീൽ അധികാരിയും മെഡിക്കൽ കോളേജ് സൂപ്രണ്ടുമായ ഡോ. ഷർമദിനെതിരെ വിവരാവകാശ നിയമം സെക്ഷൻ 20(1), 20(2) പ്രകാരം നടപടി സ്വീകരിക്കണമെന്നുമാണ് അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ആവശ്യപ്പെട്ടിട്ടുള്ളത്.

4. 27.12.2018–ലെ കമ്മീഷൻ ഉത്തരവിനെ തുടർന്ന് ആശുപത്രിയിലെ ജനറൽ സർജറി വിഭാഗം അഡീഷണൽ പ്രൊഫസറായ ഡോ. വിജയകുമാരൻ പിള്ള നൽകിയ വിശദീകരണം 2.4.2019–ന് കമ്മീഷനും അപേക്ഷകനും നൽകിയിട്ടുള്ളതുമാണെന്നും ടി കത്തിൻ പ്രകാരം ശ്രീ. സുരേഷ് ബാബു എന്ന രോഗിയെ 6–ാം വാർഡിലെ 64–ാം ബെഡ്ഡിൽ എസ്–5 യൂണിറ്റിൽ ചികിത്സിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളതായാണ് കാണുന്നതെന്നും വാർഡിൽ അഡ്മിറ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള അന്നേ ദിവസം തന്നെ ശ്രീ. സുരേഷ് ബാബുവിന് ഡീലക്സ് പേവാർഡ് എഫ്6 അനുവദിച്ചു നൽകിയിട്ടുള്ളതായി പേവാർഡ് അലോട്ട്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും പേവാർഡ്

കൗണ്ടറിൽ നിന്നും പേവാർഡ് അലോട്ട് ചെയ്തതിന്റെ ലിസ്റ്റും, റസീപ്റ്റും വാർഡ്-6 -ൽ നിന്നും ലഭ്യമായിട്ടുള്ള ഐ.പി. രജിസ്റ്ററിൽ ശ്രീ. സുരേഷ് ബാബുവിന്റെ പേരു രേഖപ്പെടുത്തിയ പേജുകളും കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നുവെന്നും ശ്രീ. വി. ജയചന്ദ്രൻ നൽകിയ അപേക്ഷ പരിശോധിച്ച് അദ്ദേഹത്തിന് എതിർകക്ഷി ഓഫീസിൽ നിന്നും മറുപടി കൃത്യ സമയത്ത് തന്നെ ലഭ്യമാക്കിയിട്ടുണ്ടെന്നും 2014-ലെ റെക്കോർഡ് പ്രകാരമാണ് എതിർകക്ഷി ഓഫീസിൽ നിന്നും മറുപടി നൽകിയിട്ടുള്ളതെന്നും അതിൽ ഒരു തിരുത്തലുകളും വരുത്തിയിട്ടില്ലെന്നുമാണ് എതിർകക്ഷികൾ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്.

5. ഹിയറിംഗ് വേളയിൽ അപ്പീൽ ഹർജിക്കാരനും/അഡ്വക്കേറ്റും എതിർകകഷികളും ഉന്നയിച്ച വസ്തുതകളും, മറ്റ് ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ശ്രീ. സുരേഷ് ബാബു എന്ന രോഗി 6-ാം വാർഡിൽ 64-ാം നമ്പർ ബെഡിലാണ് അഡ്മിറ്റായിരുന്നതെന്നും എന്നാൽ ഇൻപേഷ്യന്റ് രജിസ്റ്ററിന്റെ പകർപ്പിൽ യൂണിറ്റ് ആൻഡ് ബെഡ് നമ്പർ എന്നതിൽ എസ്-5 എന്നും 689/14 എന്നെഴുതി വെട്ടിയും ഇൻപേഷ്യന്റ് നമ്പർ കോളത്തിൽ 689/14 എന്നും 4-ാമത്തെ കോളത്തിൽ പേരും മേൽവിലാസവും തുടർന്നുള്ള date & discharge കോളം ബ്ലാങ്ക് ആയി കാണപ്പെട്ടുവെന്നും എന്നാൽ ടി രോഗി 6-ാം വാർഡിൽ 64-ാം നമ്പർ ബെഡിൽ അഡ്മിറ്റായതായി ഒരിടത്തും രേഖപ്പെടുത്തി കാണുന്നില്ലെന്നതുമാണ് പ്രധാന ആക്ഷേപമായി കാണുന്നത്. ഇക്കാര്യം പരിശോധിച്ചതിൽ 2014-ലെ റെക്കോർഡ്സ് പ്രകാരമാണ് എതിർകക്ഷി ഓഫീസിൽ നിന്നും മറുപടി നൽകിയിട്ടുള്ളതെന്നും അതിന് മുൻപ് തന്നെ തിരുത്തലുകൾ ഉണ്ടായിരുന്ന രജിസ്റ്ററിന്റെ പകർപ്പുകൾ തന്നെയാണ് രണ്ടാം എതിർകക്ഷി ഹർജിക്കാരന് നൽകിയിരുന്നതെന്നും വിവരാവകാശ അപേക്ഷ ലഭിച്ചതിന് ശേഷം യാതൊരു തിരുത്തലുകളും ടി രജിസ്റ്ററിൽ വരുത്തിയിട്ടില്ലെന്നുമുള്ള രണ്ടാം എതിർകക്ഷിയുടെ വിശദീകരണം വസ്തുതാപരമാണെന്ന് ബന്ധപ്പെട്ട രജിസ്റ്ററുകൾ നേരിട്ട് പരിശോധിച്ചതിൽ കമ്മീഷന് ബോധ്യമാകുന്നു. തിരുത്തലുകൾ വരുത്തിയത് ആരെന്നോ എന്തിനാണെന്നോ അന്വേഷിക്കുന്നത് കമ്മീഷന്റെ പരിധിയിൽ വരുന്ന വിഷയവുമല്ല.

6. ആയതിനാൽ രണ്ടാം എതിർകക്ഷി കമ്മീഷനിൽ ഹാജരാക്കിയ 30/10/2019-ലെ ജി3/12842/2018/സ.മെ.കോ.ആ.തി. നമ്പർ കത്ത്, 29.7.2021-ലെ ജി3/12842/2018/ഗ.വ.മെ.കോ.ആ.തി നമ്പർ റിപ്പോർട്ട് എന്നിവ തയ്യാറാക്കിയതിന് ആധാരമായ എല്ലാ രേഖകളും ഹർജിക്കാരന് നേരിട്ട് പരിശോധിക്കുന്നതിനും നിയമാനുസൃതം നൽകാവുന്ന എല്ലാ രേഖകളുടെയും പകർപ്പുകൾ ടിയാന്

10.8.2021–നകം സൗജന്യമായി നൽകുന്നതിനും രണ്ടാം എതിർകക്ഷി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. കമ്മീഷൻ മുമ്പാകെ എതിർകക്ഷികൾ ഹാജരാക്കിയ അസ്സൽ രജിസ്റ്ററുകൾ പരിശോധിച്ചതിൽ തിരുത്തലുകൾ ഉണ്ടായിരുന്ന രജിസ്റ്ററിന്റെ പകർപ്പുകൾ തന്നെയാണ് ഹർജിക്കാരന് നൽകിയിരുന്നതെന്നും വ്യാജരേഖകൾ ഒന്നും രണ്ടാം എതിർകക്ഷി നൽകിയിട്ടില്ലെന്നും കമ്മീഷന് ബോധ്യമായതിനാൽ അപ്പീൽ ഹർജിയിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2021 ഓഗസ്റ്റ് 2–ാം തീയതി കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM